(സി) തമ്പാനൂർ ബസ്സ് സ്റ്റാൻഡിന് സമാന്തരമായി സാറ്റലൈറ്റ് ബസ്സ് സ്റ്റാൻഡുകൾ നിർമ്മിക്കാൻ പരിപാടിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് പരമാവധി സർവ്വീസുകൾ തമ്പാനൂർ ബസ്സ്സ്റ്റാൻഡിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. തൽഫലമായി ബസ്സ്സ്റ്റാൻഡിലെ യാത്രക്കാരുടെ തിരക്ക് ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരത്ത് ഈഞ്ചയ്ക്കലിൽ പ്രസ്തുത സർവ്വീസുകൾ തുടങ്ങുന്നതിന് 5 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

69 (361) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കണ്ടക്ടർ നിയമനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ താല്ക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കണ്ടക്ടർമാരെ നിയമിക്കാറുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനം സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ മാത്രം നടത്തിയാൽ മതിയെന്നു ബോർഡ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അന്നത്തെ ബോർഡ് തീരുമാനത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) കണ്ടക്ടർമാരുടെ അഭാവംമൂലം ഷെഡ്യൂളുകൾ മുടങ്ങാതെ ഇരിക്കാൻ പി.എസ്.സിയിൽ നിന്ന് ഉദ്യോഗാർത്ഥികൾ എത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ടക്ടർമാരുടെ കുറവുമൂലം സർവ്വീസുകൾ ക്യാൻസൽ ചെയ്യാതിരിക്കാൻ ആവശ്യമായ കണ്ടക്ടർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ജോലിക്കു നിയോഗിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

(സി) പബ്ലിക്ക് സർവ്വീസ് കമ്മിഷൻ വഴി തിരഞ്ഞെടുക്കപ്പെടുന്ന സ്ഥിരം കണ്ടക്ടർമാർ എത്തുന്നതു വരെ ഷെഡ്യൂൾഡ് സർവ്വീസുകൾ മുടങ്ങാതിരിക്കാൻ 93-94 കാലഘട്ടത്തിൽ റോളിലുണ്ടായിരിക്കയും അതിനു ശേഷം പിരിച്ചു വിടപ്പെടുകയും ചെയ്ത എംപ്ലോയ്മെന്റ് വഴി താൽക്കാലിക നിയമനം ലഭിച്ച എല്ലാ കണ്ടക്ടർമാരെയും അതിനോടൊപ്പം എമ്പാനൽ കണ്ടക്ടർമാരായി ജോലി ചെയ്തശേഷം ഇപ്പോൾ ജോലിയില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്ന എല്ലാവരേയും താൽക്കാലികമായി ഡ്യൂട്ടിക്ക് പുനർ നിയോഗിക്കാൻ എല്ലാ യൂണിറ്റാഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

70 (362) നിറുത്തലാക്കിയ ബസ്സ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുത്തൂർ-പവിത്രേശ്വരം-ചീരങ്കാവ് വഴി സർവ്വീസ് നടത്തിയിരുന്ന എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റദ്ദാക്കിയിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകുമോ;

(സി) ഇതുവഴി സർവ്വീസ് നടത്തിയിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ;

(ഡി) ഈ റൂട്ടിലെ യാത്രാക്ലേശം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര കൊല്ലം ഡിപ്പോകളിലെ ഓർഡിനറി ബസ്സുകൾ പുത്തൂർ വഴി സർവ്വീസ് നടത്തുന്നതിനും മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

71 (363) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എത്ര ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമുണ്ട്;

(ബി) ഒരു ബസ്സ് ഓപ്പറേറ്റ് ചെയ്യാൻ ആകെ എത്ര വീതം ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമാണുള്ളത്;

(സി) ഒരു കി.മീ. സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly